"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി- തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്തിൽ സെറ്റിൽ ചെയ്ത എൽ.എ.ആർ കേസുകളിന്മേലുള്ള തുക - അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1189/2023/LSGD തീയതി,തിരുവനന്തപുരം, 07-06-2023

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.32/2019/തസ്വഭവ തീയതി 18/03/2019

2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/04/2023-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ്കോടതിയിൽ 10.02.2023 തീയതിയിൽ നടന്ന ലോക് അദാലത്തിൽ എൽ.എ.ആർ. 247/2009, എൽ.എ.ആർ. 321/2009 എന്നീ കേസുകൾ പരിഗണിക്കുകയും ഒത്തു തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. "ആറ് മാസത്തിനകം ഡെപ്പോസിറ്റ് ചെയ്താൽ പലിശ ഇല്ല" എന്ന വ്യവസ്ഥയിൽ യഥാർത്ഥ തുകയേക്കാൾ കുറച്ച് സെറ്റിൽ ചെയ്ത് സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കാമെന്നതിനാൽ, മേൽ പരാമർശിച്ച എൽ.എ.ആർ കേസിന്മേലുള്ള ആകെ തുകയായ 25,50,000/- രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10.02.2023 തീയതിയിൽ ബഹു.തിരുവനന്തപുരം സബ്കോടതിയിൽ നടന്ന അദാലത്തിൽ, അർത്ഥനാധികാരിയായ ട്രിഡയുടെ സമ്മതത്തോടുകൂടി ഒത്തു തീർപ്പാക്കിയിട്ടുള്ള 247/2009, 321/2009 നമ്പർ എൽ.എ.ആർ കേസുകളിന്മേലുള്ള ആകെ തുകയായ 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) '4217-60-800-93-Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്ന് ചുവടെ ചേർക്കുന്ന കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Claimant/Petitioner | LAR No. | E.P No. | Amount (in Rs) |
|---|---|---|---|---|
| 1 | Smt. Geetha Mohandas<br>TC.30/179<br>Devaki Nivas, NSS Road, | 247/2009 | 3/2020 | 20,50,000/- |

| | | | | |
|---|---|---|---|---|
| | Anayara P.O | | | |
| 2 | Sri. Mohandas<br>TC.30/179<br>Devaki Nivas<br>NSS Road, Anayara P.O | 321/2009 | 2/2020 | 5,00,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
10.02.2023 തീയതിയിലെ അദാലത്തിലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 09-06-2023 22:36:28
സെക്ഷൻ ഓഫീസർ